പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3036

13.03.2018 ൽ മറുപടിയ്ക്ക്

## കിലയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ: | ഡോ. കെ. ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

എ) കിലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

എ)

- കിലയുടെ പ്രവർത്തനമേഖലയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടായ സാഹചര്യത്തിൽ പരിശീലനത്തിൽ നിന്നും കാര്യശേഷി വികസനത്തിന് ഊന്നൽ നൽകിയിട്ടുള്ള കർമ്മപദ്ധതിയാണ് കില ആവിഷ്ക്കരിച്ചിട്ടുള്ളത്. പരിശീലനത്തിന് ശേഷവും വിദഗ്ധരുടെ സേവനം നൽകി കൊണ്ട് താഴെത്തട്ട് വരെ കാര്യശേഷി വികസനം ഉറപ്പുവരുത്തുന്നതിന് കൂടുതൽ ശ്രദ്ധ നൽകുന്നുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ തലങ്ങളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നിർബന്ധമായും ഇൻഡക്ഷൻ പരിശീലനവും ഇൻ സർവ്വീസ് പരിശീലനവും സംഘടിപ്പിക്കുന്നതാണ്. ഇതോടൊപ്പം വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും ഇവർക്കായി സംഘടിപ്പിക്കും.
- എസ്.ഐ.ആർ.ഡി കൊട്ടാരക്കര, അഹാഡ്സ്-സി.സി.പി.ആർ.എം അഗളി മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവ കിലയിൽ ലയിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത കേന്ദ്രങ്ങളിൽ നടത്തുന്ന കർമ്മപരിപാടികൾ കൂടി

സംയോജിപ്പിച്ചുക്കൊണ്ടുള്ള പരിപാടിയാണ് കില തയ്യാറാക്കിയിട്ടുള്ളത്. സംയോജന പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കിക്കൊണ്ട് പ്രാദേശിക ഭരണം-വികേന്ദ്രീകരണം എന്നീ മേഖലകളിൽ . കിലയെ 'മികവിന്റെ കേന്ദ്ര'മാക്കി മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

- സംസ്ഥാനത്തിനകത്തും പുറത്തും പ്രയോജനകരമാകും വിധം മാതൃകാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കുറഞ്ഞത് 100 തദ്ദേശസ്ഥാപനങ്ങളെയെങ്കിലും 'മികവേറിയ തദ്ദേശ ഭരണസ്ഥാപനങ്ങൾ' ആക്കി വികസിപ്പിക്കുന്നതിന് കില പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- പ്രാദേശിക തലത്തിൽ വികസന പ്രവർത്തനങ്ങൾ ഏകീകൃതമാ ക്കേണ്ട സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങളുടെ വിവിധ തലങ്ങളുടെ ഏകോപനവും അതിനാവശ്യമായ കാര്യശേഷി വികസനവും കില ഏറ്റെടുക്കുന്നതാണ്. അതോടൊപ്പം നീർത്തടപരിപാലനം, നദീതടവികസനാസൂത്രണം, വിവിധ വിഷയ മേഖലകളിലെ ഇടപെടലുകൾ, പ്രാദേശിക പദ്ധതികളും MP/MLALAD യുമായുള്ള സംയോജനം തുടങ്ങിയ പ്രവർത്തനങ്ങളും കിലയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.
- ദേശീയ/അന്തർദേശീയ തലങ്ങളിൽ പ്രാദേശിക ഭരണം/വികേന്ദ്രീകൃതാസൂത്രണം, വികസനം തുടങ്ങിയ മേഖലകളിൽ ദേശീയ/അന്തർദേശീയ തലങ്ങളിൽ പ്രമുഖമായ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകളുടേയും

സഹകരണത്തോടെ വിവിധ പാഠ്യ പദ്ധതികൾ കില ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

- പ്രാദേശിക ഭരണകൂടങ്ങൾക്ക് വിവിധ വിഷയ മേഖലകളിൽ അറിവിന്റെ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ് കില. ഇതിന്റെ ആദ്യപടി എന്ന നിലയിൽ വിവിധ ദേശീയ/ അന്തർ ദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ആസൂത്രണം ചെയ്ത് വരികയുമാണ്. ഇതനുസരിച്ച് വികസിപ്പിച്ച് വരുന്ന അറിവിന്റെ കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

  1.Centre for Sustainable Development Goals(SDGs)and Local Governments
  2.Local Government Knoweldge Centre on Environment, Climate Change and Bio Diversity.
  3.Innovation and Incubation Hub for Local Governments.
  4.Gender School for Local Governments
  5.Legal Resource Centre for Local Governments.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബാലസൗഹൃദ, ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുന്നതോടൊപ്പം തന്നെ വയോജന സൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള തന്ത്രങ്ങളും കർമ്മ പരിപാടികളും ആസൂത്രണം ചെയ്ത് വരുന്നു.

സെക്ഷൻ ഓഫീസർ